"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ സിക്കിമിലെ രാജ്യാന്തര അതിർത്തിയിൽ ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെ ഉണ്ടായ അപകടത്തിൽ മരണപ്പെട്ട 15319785P HAV സുധീഷ് കുമാർ.എസ്-ന്റെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2023/SWD തീയതി,തിരുവനന്തപുരം, 24-02-2023

---

പരാമർശം:-
1. സ.ഉ.(പി) നം. 450/1999/പൊ.ഭ.വ. തീയതി, 29.06.1999.
2. സ.ഉ.(എം.എസ്) നം. 434/01/പൊ.ഭ.വ. തീയതി, 15.11.2001.
3. സ.ഉ.(എം.എസ്) നം. 14/2012/പൊ.ഭ.വ. തീയതി, 17.01.2012.
4. സൈനിക ക്ഷേമ ഡയറക്ടറുടെ 31.10.2022-ലെ ബി-6/183232/CMSWF/2022/DSW നമ്പർ കത്ത്.

**ഉത്തരവ്**

ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി 01.03.2021-ൽ സിക്കിമിലെ രാജ്യാന്തര അതിർത്തിയിൽ ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെ ഉണ്ടായ അപകടത്തിൽ മരണപ്പെട്ട 15319785P HAV സുധീഷ് കുമാർ.എസ്-ന്റെ ഭാര്യ ശ്രീമതി സവിനയ എം.വി., മാതാവ് ശ്രീമതി ഉഷ കുമാരി.കെ. എന്നിവർ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും സൈനിക ക്ഷേമ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത നിർദ്ദേശം ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരാമർശം 1-3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 01.03.2021-ൽ വടക്കൻ സിക്കിമിലെ രാജ്യാന്തര അതിർത്തിയിൽ ഓപ്പറേഷണൽ ഡ്യൂട്ടിയിലായിരിക്കവെ ഉണ്ടായ അപകടത്തിലാണ് 15319785P HAV സുധീഷ് കുമാർ.എസ് മരണപ്പെട്ടതെന്നും പ്രസ്തുത അത്യാഹിതം ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആണെന്നും ആട്രിബ്യൂട്ടബിലിറ്റി

സർട്ടിഫിക്കേറ്റിൽ മിലിട്ടറി അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അത്യാഹിതം ബാറ്റിൽ കാഷ്വാലിറ്റി ആയി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

3. ഈ സാഹചര്യത്തിൽ 01.03.2021-ൽ വടക്കൻ സിക്കിമിലെ രാജ്യാന്തര അതിർത്തിയിൽ ഓപ്പറേഷണൽ ഡ്യൂട്ടിക്കിടെ ഉണ്ടായ അപകടത്തിൽ മരണപ്പെട്ട 15319785P HAV സുധീഷ് കുമാർ.എസ്-ന്റെ പേരിൽ മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്നും അർഹതപ്പെട്ട അഞ്ച് ലക്ഷം രൂപ, ടിയാന്റെ ഭാര്യ ശ്രീമതി സവിനയ.എം.വി.-യ്ക്ക് 3,75,000/- രൂപയും (മൂന്ന് ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം), മാതാവ് ശ്രീമതി ഉഷ കുമാരി.കെ.-യ്ക്ക് 1,25,000/- രൂപയും (ഒരു ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) എന്ന നിരക്കിൽ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി സവിനയ എം.വി -യുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചക്കരക്കൽ ശാഖയിലുള്ള **അക്കൗണ്ട് നം. 40062094669 (IFSC - SBIN0070728)** നമ്പർ -ലേയ്ക്കും മാതാവ് ശ്രീമതി ഉഷ കുമാരി.കെ.-യുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തലശ്ശേരി ശാഖയിലുള്ള **അക്കൗണ്ട് നം. 34336481577 (IFSC - SBIN0000926)** നമ്പർ -ലേയ്ക്കും ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ താരാ ദേവി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. ധനകാര്യ (ഫണ്ട്സ്) വകുപ്പ്
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി സവിനയ എം.വി., പാഞ്ചജന്യം, പി.ഒ. മക്രേരി, മുണ്ടല്ലൂർ, കണ്ണൂർ-670 622.
4. ശ്രീമതി ഉഷാകുമാരി .കെ., ഉഷസ്സ്, പി.ഒ.കുറിച്ചിയിൽ, തലശ്ശേരി, കണ്ണൂർ, കേരള - 670 102.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ